കേരള സർക്കാർ

(സംഗ്രഹം)

തദ്ദേശഭരണ സ്ഥപനങ്ങളുടെ പത്താ൦ പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ– നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

ജി ഒ (എം.എസ്) നമ്പർ 32/2003/പ്ലാനിംഗ് തീരുവനന്തപുരം,2003, ഫെബ്രുവരി,14

---

പരാമർശങ്ങൾ: 1. 06/06 /2002 ലെ ജി.ഒ.(എം.എസ്)20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തറവ്

2. 24/09/2002 ലെ ജി.ഒ.( എം.എസ് ) 39/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

3. 05/11/2002 ലെ 12994/2002/എ1/ പ്ലാനിംഗ് നമ്പർ സർക്കുലർ

4. 13/11/2002 ലെ ജി.ഒ. (എം. എസ്) 53/2002പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.

5. 13/12/2002 ലെ ജി. ഒ. (എം .എസ്)61/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി രേഖയും പ്രോജക്ടുകളും തയ്യാറാക്കുന്നതിനും അംഗീകാരം നേടുന്നതിനും വേണ്ടിയുള്ള മാർഗ്ഗ രേഖ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും പരാമർശം രണ്ട് മുതൽ അഞ്ച് വരെയുള്ള സർക്കാർ ഉത്തരവുകളും സർക്കുലറും പ്രകാരം മാർഗരേഖയിൽ ചില ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

2. പ്രസ്തുത മാർഗ്ഗ രേഖയിൽ ചില മാറ്റങ്ങൾ കൂടി വരുത്തേണ്ടതാണെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുകയുണ്ടായി.

3. കോർഡിനേഷൻ സമിതിയുടെ ശുപാർശകൾ ഗവൺമെന്റ് വിശദമായി പരിശോധിച്ച്, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ രേഖയിൽ ചുവടെ വിവരിക്കുന്ന ഭേദഗതികൾ അംഗീകരിച്ച് ഉത്തരവാകുന്നു. –

(i) 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവ്വഹണം സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതായിട്ടുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ 2002–2003 വാർഷിക പദ്ധതി പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന ചുമതല ബ്ലോക്കു തല സാങ്കേതിക സമിതികൾക്കു കൂടി നൽകുന്നു.

(ii) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം മുൻഗണന നൽകി നടപ്പാക്കേണ്ടുന്ന പരിപാടി ആയതിനാൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും പട്ടികജാതി പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നൽകി ഭവനനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പ്രത്യേക അനുവാദം നൽകുന്നു.

4. മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും ഇപ്രകാരം ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്.എം വിജയാനന്ദ്

ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമ വികസന കമ്മീഷണർ
3. മുനിസിപ്പൽ ഭരണ ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം (Rural)
6. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണം (Urban)
7. സെക്രട്ടറി, പട്ടികജാതി പട്ടിക വർഗ്ഗവികസനം
8. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
9. ഡയറക്ടർ, പട്ടികജാതി വികസനം
10. ഡയറക്ടർ, പട്ടികവർഗ്ഗ വികസനം
11. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
12. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (അടിയന്തിര പത്രക്കുറിപ്പിന്)
13. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴ്സൺമാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
15. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
16. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
17. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

18. എല്ലാ മേയർമാർക്കും സെക്രട്ടറിമാർക്കും

19. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും

20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

പകർപ്പ്:

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസനവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. പിന്നോക്ക പട്ടികവിഭാഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
6. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
7. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
8. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
9. തദ്ദേശ സ്വയംഭരണവകുപ്പ്
10. ഗ്രാമവികസന വകുപ്പ്
11. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
12. ആസൂത്രണ വകുപ്പ്